Malappuram District Police

**17.07.2017 തിരൂർ**

ചെന്നൈയിൽ നിന്ന് താനൂരിൽ വിതരണം ചെയ്യാൻ തീവണ്ടിയിൽ കൊണ്ടുവന്ന 22 ലക്ഷം രൂപയുടെ കുഴൽപ്പണം തിരൂര് റെയിൽവേസ്റ്റേഷനടുത്തു വെച്ച് പോലീസ് പിടികൂടി. പണം കൈവശമുണ്ടായിരുന്ന പാലക്കാട് നാട്ടുകൽ പാറമ്മൽ സ്വദേശി കുണ്ടോട്ടി വീട്ടിൽ ബീരാൻകുട്ടി (42)യെ അറസ്റ്റുചെയ്തു. ഇയാളുടെ ശരീരത്തിൽ തുണികൊണ്ടുണ്ടാക്കിയ പ്രത്യേക അറകളിലും തുണിയിലുണ്ടാക്കിയ അരപ്പട്ടയിലുമാണ് 2000 രൂപ നോട്ടുകൾ സൂക്ഷിച്ചത്. ഞായറാഴ്ച രാവിലെ 9 മണിയോടെയാണ് പ്രതി നോട്ടുകെട്ടുകളുമായി തിരൂര് റെയിൽവേ സ്റ്റേഷനിലിറങ്ങിയത്. തുടർന്ന് പോലീസ് ഇയാളെ അറസ്റ്റുചെയ്യുകയായിരുന്നു. എസ്.ഐ. സുമേഷ് സുധാകർ, പോലീസുദ്യോഗസ്ഥരായ രാജേഷ്, പ്രമോദ്, ലൂഷ്യസ്, സജി, സാബു എന്നിവർ ചേർന്നാണ് അറസ്റ്റുചെയ്തത്.